നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ) :

(എ) എത്രകാലം വേണ്ടിവരുമെന്നു തീർത്തു പറയാൻ നിവൃത്തിയില്ല

(ബി) ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

ശ്രീ. ജി. കാത്തികേയൻ : ഈ സാമ്പത്തികവർഷത്തിൽ ബെറർ ഫാമിംഗ് സൊസൈറ്റികൾ പ്രവർത്തിക്കണമെന്നു ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ലേ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ഉണ്ട്. പത്തെണ്ണമാണ് ഇക്കൊല്ലം വേണമെന്നാഗ്രഹിക്കുന്നത്.

Report of Popular Committees.

* 1466. [6] **Shri E. P. Poulose** : Will the Minister for Food and Forests by pleased to state :

(a) how many popular commi tees were constituted in the Travancore–Cochin area for enquiring in o the eligibili y of forest cultivators to permanent occupancy rights:

(b) whether all these committees have comp'eted their enquiries and reported to Government;

(c) when was the last of these receipts received by Government; and

(d) whether and how many of these reports have been considered by Government?

ഭക്ഷ്യവും വനവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്) :

ഈ ചോദ്യത്തിനും ഇതിനും മുമ്പു പല തവണ ഉത്തരം പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. ഇ. പി. പൗലോസ് : മുൻപു ഉപചോദ്യങ്ങൾ ചോദിച്ചപ്പോൾ റിപ്പോർട്ട് കൺസിഡർ ചെയ്തുകൊണ്ടിരിക്കുകയാണെന്നു പറഞ്ഞു.

ശ്രീ. കെ. സി. ജോർജ് : കഴിഞ്ഞ ഒരു മിവസം ഒരു മാസത്തിനകം റിപ്പോർട്ട് കിട്ടുമെന്നു ഞാൻ പറഞ്ഞിട്ടുണ്ട്.

ശ്രീ ഇ. പി പൗലോസ് : ആ സ്ഥലങ്ങളിൽ കൃഷിചെയ്യുവർ അവിടം വിട്ടു ഇപ്പോൾ അലഞ്ഞു തിരിയുകയാണെന്നു ഗവണ്മെന്റിനറിയാമോ ?

ശ്രീ. കെ. സി. ജോർജ് : അതെല്ലാം അറിഞ്ഞുകൊണ്ടു തന്നെയാണ് റിപ്പോർട്ട് കൺസിഡർ ചെയ്യുന്നതു്.

കയർബോർഡിലെ പബ്ലിസിറ്റി അസിസ്റ്റന്റിന്റെ നിയമനം.

* 1467. [27] ശ്രീമതി കുസുമം ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) കയർ ബോർഡിൽ പബ്ലിസിറ്റി അസിസ്റ്റന്റായി 160-330 സ്കെയിലിൽ ആരെയെങ്കിലും ഈ ഗവണ്മെന്റ് നിയമിക്കുകയുണ്ടായോ ; അപേക്ഷ ആരാണ് ; അപേക്ഷയുടെ കാമിഫിക്കേഷൻ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരസ്യം ചെയ്യാ അപേക്ഷകരെ ക്ഷണിച്ചിട്ടാണോ ഈ നിയമനം നടത്തിയതു; പരസ്യത്തിൽ ആവശ്യപ്പെട്ടിരുന്ന യോഗ്യതകളെ എന്തെല്ലാം ?

(സി) എത്ര അപേക്ഷകരുണ്ടായിരുന്നു ?

നികുതിയും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഇല്ല.

(ബി, സി) ചോദ്യങ്ങളം ഉദിക്കുന്നില്ല.

കശുണ്ടി വ്യവസായത്തിലെ ടെയിഡിംഗ് കാർപ്പറേഷൻ.

* 1468. [29] ശ്രീ. ആർ. ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വ്യവസായത്തിൽ ടേഡിംഗ് കാർപ്പറേഷൻ സ്ഥാപിക്കുവാനുള്ള നടപടികളം പൂർത്തിയായോ ;

(ബി) നടപടികളം പൂർത്തിയായെങ്കിൽ കാർപ്പറേഷന്റെ പ്രവർത്തനം എന്നുമുതൽ തുടങ്ങും?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ, ബി) ഇതു സംബന്ധിച്ച് സ്പെഷ്യലാഫീസർ സമർപ്പിച്ച റിപ്പോർട്ട് ഗവണ്മെന്റ് പരിശോധിച്ചുകൊണ്ടിരിക്കയാണ്.

ശ്രീ എൻ. രാജഗോപാലൻനായർ : ഈ സ്പെഷ്യലാഫീസറുടെ റിപ്പോർട്ട് നിയമസഭാംഗങ്ങൾക്ക് നൽകാൻ സാധ്യതയുള്ളതാണോ ?

ശ്രീ. കെ. പി. ഗോപാലൻ : നിയമസഭാമെമ്പറന്മാർക്ക് ഇപ്പോൾ നൽകണമെന്നു വിചാരിക്കുന്നില്ല. ആ റിപ്പോർട്ടിനെ വളരെ വിശദമായി ഗവണ്മെന്റ് പരിശോധിച്ചുവരുന്നുണ്ട്. അതു പരിശോധിച്ചതിനുശേഷം തീരുമാനം എടുക്കുന്നതാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഇനി എന്തെല്ലാം നടപടികളം പൂർത്തിയായിക്കഴിഞ്ഞാൽ കാർപ്പറേഷൻ രൂപീകരിക്കാൻ കഴിയും ?

ശ്രീ. കെ. പി. ഗോപാലൻ : സ്പെഷ്യലാഫീസറുടെ റിപ്പോർട്ടനുസരിച്ച് ഇമ്പോർട്ടും എക്സ്പോർട്ടും കൺട്രോളം ചെയ്യേണ്ടിവരും. അങ്ങനെ കൺട്രോളം ചെയ്യുകയാണെങ്കിൽ അതിലേയ്ക്ക് 9 കോടിയോളം രൂപാ മൂലധനമുള്ള ഒരു സ്ഥാപനം ഉണ്ടാക്കേണ്ടിവരും. ഇമ്പോർട്ടും എക്സ്പോർട്ടും കൺട്രോളം ചെയ്യുന്നതിനു കേന്ദ്രഗവണ്മെന്റിന്റെ സമ്മതവും ആവശ്യമാണ്. അതുപോലെതന്നെ വളരെ സ്പെക്കുലേറ്റീവ് ഫാർവേഡ് ബിസിനസ്, വ്യവസായത്തെ എങ്ങനെ ബാധിക്കുമെന്നു ആലോചിക്കേണ്ടതുണ്ട്. അതിനാൽ ഗവണ്മെന്റ് മുഴുവൻ മോണോപ്പോളി എടുക്കാതെ ചെറിയ സഹായം ചെയ്യാനുള്ള പദ്ധതിയാണെടുക്കുന്നതെങ്കിലും ഒരു പബ്ലിസിറ്റി എന്ന നിലയിൽ അതിനെ കൈകാര്യം ചെയ്യേണ്ടതുണ്ട്. ഇതിന്റെ നാനാവശങ്ങളെപ്പറ്റിയും പരിശോധിച്ചുകൊണ്ടിരിക്കയാണ്.

ശ്രീ. പി. ടി. ചാക്കോ : നാനാവശങ്ങളെപ്പറ്റി ആലോചിക്കാതെയാണോ ഒരു കാർപ്പറേഷൻ രൂപീകരിക്കണമെന്നു തീരുമാനിച്ചതും ബഡ്ജറ്റ് സമ്മേളനത്തിൽ അതു പ്രസ്താവിച്ചതും ?

LIBRARY ARCHIVES Kerala Legislative Assembly